11342
9/11/20

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - പത്തനംതിട്ട ജില്ലയിൽ തിരുവല്ല താലൂക്കിൽ കറ്റൂർ വില്ലേജിൽ ശ്രീ.എം.കെ.രഞ്ജിത്തിന് വീട് നിർമ്മിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 3,04,900/- രൂപ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി.ആർ.എഫ്.-എ) വകുപ്പ്

G.O.(Rt) No.3573/2020/RD തീയതി,തിരുവനന്തപുരം, 05/11/2020

പരാമർശം:- 02/11/2020 തീയതിയിലെ സ.ഉ.(സാധാ.) നം.879/2020/ഡി.എം.ഡി.

ഉത്തരവ്

പത്തനംതിട്ട ജില്ലയിൽ കറ്റൂർ വില്ലേജിൽ ശ്രീ.എം.കെ.രഞ്ജിത്ത് എന്നയാളുടെ വീടിന് 2018 ലെ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വിഷയം പ്രത്യേകം പരിഗണിച്ച് പ്രളയാനന്തര പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി കടപ്ര വില്ലേജിൽപെട്ട സർക്കാർ ഭൂമി പതിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് ടിയാന് വീട് നിർമ്മിക്കുന്നതിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് 95 ,100/- രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 3,04,900/- രൂപയും ഉൾപ്പെടെ ആകെ നാലു ലക്ഷം രൂപ അനുവദിക്കുന്നതിന് അനുമതി നൽകി പരാമർശം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി 2018 ലെ പ്രളയത്തിൽ വീട് തകർന്ന ശ്രീ.എം.കെ.രഞ്ജിത്തിന് വീട് നിർമ്മിക്കുന്നതിനായി 3,04,900/- രൂപ (മൂന്ന് ലക്ഷത്തി നാലായിരത്തി തൊള്ളായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. വിതരണത്തിന് ആവശ്യമായി വരുന്ന 3,04,900/- രൂപ (മൂന്ന് ലക്ഷത്തി നാലായിരത്തി തൊള്ളായിരം രൂപ മാത്രം) 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും പത്തനംതിട്ട ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും, ജില്ലാ കളക്ടർ ടി തുക താമസംവിനാ വിതരണം നടത്തി വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R SHEELA RANI
SPECIAL SECRETARY

ജില്ലാ കളക്ടർ, പത്തനംതിട്ട.

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

റവന്യൂ (ഡി.എം.ഡി-എ) വകുപ്പ്.

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ